ഏപ്രിൽ 1 മുതൽ 10 വരെ

ദേശീയ പുസ്തകോത്സവം 2017

സാംസ്കാരികോത്സവം

# എഴുത്തരങ്ങ്

കേരള സാഹിത്യ അക്കാദമി

വാർത്താപത്രിക 5

കേരള സർക്കാർ
സാംസ്കാരികവകുപ്പ്



ഇൻസ്റ്റലേഷൻ : ഗായത്രി




ഡോ.എസ്.കെ.വസന്തൻ
ഏപ്രിൽ 9 ഞായർ 03:00



മുരളി പെരുനെല്ലി എംഎൽഎ
ഏപ്രിൽ 9 ഞായർ 03:00



ഏഴാച്ചേരി രാമചന്ദ്രൻ
ഏപ്രിൽ 9 ഞായർ 04:30




# പട്ടിണിക്കാരന് പുസ്തകമൊരു പടക്കോപ്പ്



വൈശാഖൻ
പ്രസിഡന്റ്
കേരള സാഹിത്യ അക്കാദമി

ഒരുപാടുപേർ ഒരുമിച്ച് വായിക്കുന്ന മഹാഗ്രന്ഥത്തിനെ ജീവിതം എന്നു പേരിട്ട് വിളിക്കാം. ആർക്കും അവഗണിച്ച് മുന്നോട്ടുപോകാനാവാത്ത ജൈവപ്രപഞ്ചത്തിന്റെ ബൃഹത്കൃതിയാണത്. ഏകാകികൾക്ക് നിശ്ശബ്ദമായും സംഘം ചേർന്നവർക്ക് ആവോളം ഉച്ചത്തിലും വായിക്കാവുന്ന പേജുകളാണ് ജീവിതപുസ്തകത്തിലേത്. മഞ്ഞിൻതുള്ളിയിൽ പ്രഭാതസൗന്ദര്യം എന്നതുപോലെ ഓരോ അക്ഷരത്തിലും അനുഭവങ്ങളുടെ സർഗചൈതന്യം തുളുമ്പിനിൽക്കുന്നു.

സർഗാത്മകതയുടെയും വിനോദത്തിന്റെയും വിജ്ഞാനത്തിന്റെയും സുന്ദരലോകങ്ങൾ തുറന്നുതരുന്ന വിശാലമായ കവാടങ്ങളാണ് പുസ്തകങ്ങൾ. ജീർണിച്ച വ്യവസ്ഥയോടുള്ള കലാപമാണ് എഴുത്ത്. വായനയും വിമോചനാത്മകമായ അതേ ധർമം നിർവഹിക്കുന്നു. ചരിത്രം തിരുത്താനും പുനഃസൃഷ്ടിക്കാനും മനുഷ്യർക്ക് ആശയപരമായ ആയുധങ്ങൾ നൽകുന്നവയാണ് ഓരോ പുസ്തകവും. ഈ ആയുധങ്ങൾ പടവെട്ടി രക്തം ചിന്തി മരിക്കാനുള്ളതല്ല. ഉള്ളിലെ സ്നേഹപ്രവാഹമാണത്. മഹാകാരുണ്യത്തിന്റെ ഔഷധലേപനങ്ങൾ.

പട്ടിണിയായ മനുഷ്യാ, നീയിനി/പുസ്തകം കൈയിലെടുത്തോളൂ/പുത്തനൊരായുധമാണ് നിനക്കത്/പുസ്തകം കൈയിലെടുത്തോളൂ എന്ന് ബെർതോൾട് ബ്രെഹ്ത് പാടിയത് ഇതുകൊണ്ടാണ്. ലോകപ്രശസ്തമായ സാക്ഷരതാഗാനമാണത്. മാക്സിം ഗോർക്കിയുടെ ‘അമ്മ’ നോവലിന് 1931–ൽ ബ്രെഹ്ത് നൽകിയ നാടകാവിഷ്കാരത്തിലാണ് ഈ ഗാനമുള്ളത്. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ട ഈ വരികൾ സമ്പൂർണ സാക്ഷരതായജ്ഞത്തിന്റെ കാലത്ത് കേരളീയർ മുഴുവൻ ഏറ്റുപാടിയതാണ്. പണിയെടുക്കുന്നവർ പണിശാലയിലിരുന്ന്, തടവുകാർ തടവറയിലിരുന്ന്, വീട്ടമ്മമാർ അടുക്കളയിലിരുന്ന്, രോഗികൾ ശയ്യയിലിരുന്ന്, തെരുവിലുറങ്ങുന്നവർ കടത്തിണ്ണയിലിരുന്ന് വായിക്കാനാണ് ബ്രെഹ്ത് ആഹ്വാനം ചെയ്യുന്നത്.

അറിവും നന്മയും സ്നേഹവും നിറഞ്ഞ വായനക്കായി പുസ്തകങ്ങളുടെ താളുകൾ തുറന്നുതന്നെ ഇരിക്കട്ടെ. അവയിൽ ഒരു കണ്ണാടിയിൽ എന്നതുപോലെ, ഭൂതവർത്തമാനഭാവികാലങ്ങൾ പ്രതിബിംബിച്ച് കാണട്ടെ. കാലൂന്നിനിൽക്കുന്ന ഇടത്തിന്റെ വേവും നോവും ഉൾക്കൊള്ളാൻ, ചാരിനിൽക്കുന്ന ചുമരിന്റെ ചൂടും തണുപ്പും തൊട്ടറിയാൻ പുസ്തകങ്ങൾ നമ്മെ പ്രാപ്തരാക്കും. വായനയുടെ നിത്യാനന്ദം അനേകതലമുറകൾക്ക് സ്വന്തമാകട്ടെ.

ദേശീയ പുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. ■

# ഫലശ്രുതി



ഡോ.കെ.പി.മോഹനൻ
സെക്രട്ടറി
കേരള സാഹിത്യ അക്കാദമി

പുസ്തകോത്സവത്തിന് കൊടിയിറങ്ങുമ്പോൾ, അക്കാദമിയുടെ നാൾവഴിപ്പുസ്തകത്തിൽ ഒളിമങ്ങാത്ത ഒരോർമകൂടി എഴുതിച്ചേർക്കപ്പെടുകയാണ്. സാംസ്കാരികനഗരിക്ക് അർത്ഥദീപ്തിമത്തായ മുഹൂർത്തങ്ങൾ സ്വന്തമായതായി നമുക്ക് തികച്ചും അഭിമാനിക്കാം. പുസ്തകങ്ങൾ ആകർഷകമായി പ്രദർശിപ്പിക്കുകയും വിൽപനക്കൊരുക്കുകയും ചെയ്ത പ്രമുഖരായ പ്രദർശനശാലക്കാരെല്ലാവരും സംതൃപ്തിയോടെയാണ് അക്കാദമി അങ്കണത്തോട് യാത്ര പറയുന്നത്.

നമ്മുടെ അതിമഹത്തായ സാംസ്കാരികപൈതൃകത്തിന് തുടർച്ചയും വളർച്ചയും സാധ്യമാക്കുന്ന പ്രതിജ്ഞാബദ്ധമായ ഒരു സന്നദ്ധപ്രവർത്തനം തന്നെയായിരുന്നു അക്കാദമിക്ക് ദേശീയ പുസ്തകോത്സവം. എല്ലാ തലമുറയിലും പെട്ട വായനക്കാരെ പുസ്തകങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കാൻ കഴിഞ്ഞു. വിശ്വസംസ്കൃതി കടന്നുവന്ന വഴികളെപ്പറ്റി ജാഗരൂകമാക്കുകയും സാമൂഹ്യജീവിതത്തെ നവീകരിക്കാൻ പ്രാപ്തമാക്കുകയും ചെയ്തു, പിന്നിട്ട പത്ത് ദിനരാത്രങ്ങൾ. ഹൃദയം തുറന്ന സാഹിത്യചർച്ചകൾകൊണ്ടും പ്രതിഭാശാലികളായ കലാകാരന്മാരുടെ സർഗാവിഷ്കാരങ്ങൾകൊണ്ടും സജീവമായിരുന്നു ഈ അക്ഷരമഹോത്സവം.

മാനവികതയുടെയും സർഗാത്മകതയുടെയും അരങ്ങുകൾ ചലനാത്മകമാകുമ്പോൾ, ജനാധിപത്യത്തെ വികസ്വരമാക്കുന്ന പൊതുമണ്ഡലം സൃഷ്ടിക്കപ്പെടുന്നു. വിജ്ഞാനവ്യാപനം സാധ്യമാക്കുന്ന പുസ്തകങ്ങളും ആശയവിനിമയത്തിനുള്ള പുത്തൻ മാതൃകകളും എത്ര തന്നെ പ്രചരിച്ചാലും അധികമാവില്ല. ജാതി-മതവൽകരണത്തിന്റെ അപായങ്ങളെ തിരിച്ചറിയാനും ചെറുക്കാനുമുള്ള ജാഗരൂകമായ സംവാദങ്ങൾക്ക് ഇടമൊരുക്കുകയായിരുന്നു പുസ്തകോത്സവം.

കലയുടെയും സാഹിത്യത്തിന്റെയും ഉദാത്ത മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന പ്രാകൃതമായ സാംസ്കാരിക അധീശത്വത്തിന്റെ വഴിയാണ് ഫാസിസം കടന്നുവരുന്ന രാജപാത. ഭൂമിയിൽ സ്വതന്ത്രവും നിർഭയവുമായി ജീവിക്കാനുള്ള പൗരാവകാശത്തെയാണ് വർഗീയത നശിപ്പിക്കുന്നത്. പ്രബുദ്ധകേരളത്തിൽ ഉടലെടുക്കുന്ന സംസ്കാരവിരുദ്ധമായ പ്രവണതകളെ പ്രതിരോധിച്ചില്ലെങ്കിൽ, അവ ആസുരരൂപം പ്രാപിക്കും. നൈതികതയുടെയും സഹിഷ്ണുതയുടെയും ബഹുസ്വരതയുടെയും ഒരന്തരീക്ഷത്തിലാണ് കലയും സംസ്കാരവും നിറവോടെ പുലരുക.

ദേശീയ പുസ്തകോത്സവവും എഴുത്തരങ്ങ് സാംസ്കാരികോത്സവവും വിജയിപ്പിക്കാൻ ഒപ്പം നിന്ന എല്ലാവരോടും നിറഞ്ഞ മനസ്സോടെ അക്കാദമി ആഹ്ലാദമറിയിക്കുന്നു. സാംസ്കാരിക കേരളത്തിന്റെ അകമഴിഞ്ഞ പിന്തുണയോടെയാണ് പുസ്തകോത്സവം സാക്ഷാൽകരിക്കപ്പെട്ടത്. അക്കാദമിക്ക് ലഭിച്ച സ്നേഹത്തിനും സഹകരണത്തിനും എല്ലാവരോടും ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ■

# ഭാഷ, ജനതയുടെ വിരലൊപ്പും നെഞ്ചൊപ്പും



രാവുണ്ണി
കൺവീനർ
സംഘാടകസമിതി

മതതീവ്രവാദികൾ ദേശീയപ്രസ്ഥാനത്തെ ഒറ്റുകൊടുത്തും അവഹേളിച്ചും ബീഭത്സരൂപം പൂണ്ടപ്പോൾ, ഇന്ത്യൻ ഉപഭൂഖണ്ഡം ചോരയും കണ്ണുനീരും വീണ് നനഞ്ഞു. അക്കാലത്ത്, വിഭജനത്തിന്റെ മാറാമുറിവുകളോടെ, അഭയാർത്ഥികളായി പലായനംചെയ്ത പതിനായിരങ്ങൾ കേട്ട ആക്രോശമാണ് പാക്കിസ്ഥാനിലേക്ക് പോകൂ എന്നത്. അതേ ആക്രോശം ഉച്ചത്തിൽ മുഴങ്ങുന്ന നാളുകളാണിത്.

ഗാന്ധിജി ഒറ്റയാൾപോരാളിയെപ്പോലെ വർഗീയവ്യാപനത്തെ തടയാൻ ധീരതയോടെ തെരുവിലിറങ്ങി. മഹാത്മജിയുടെ ജീവനെടുത്ത വർഗീയവാദിയുടെ വെടിയുണ്ട അടുത്ത ഇരകളെ ത്തേടി ചീറിപ്പായുന്നു എന്നതാണ് സമീപകാല യാഥാർത്ഥ്യം. നരേന്ദ്ര ധബോൽകർ, ഗോവിന്ദ് പൻസാരെ, എം.എം.കൽബുർഗി തുടങ്ങി ഒട്ടേറെ നീതിമാന്മാരുടെ രക്തം നമ്മോട് വിളിച്ചുപറയുന്നത്, ഫാസിസം ഇതാ, വാതിൽപടിയിൽ വന്നു മുട്ടിവിളിക്കുന്നു എന്നതാണ്. എം.ടി.വാസുദേവൻനായരേയും കമലിനേയും പോലെയുള്ള പ്രതിഭാശാലികൾ അസഹിഷ്ണുതയുടെ വേട്ടക്ക് ഇരയാവുന്നതിന് കേരളീയർ നൊമ്പരത്തോടെ സാക്ഷികളായി. ഇപ്പോൾ പ്രതികരിച്ചില്ലെങ്കിൽ, നാളെ നമുക്കു വേണ്ടി സംസാരിക്കാൻ മറ്റാരും ബാക്കിയുണ്ടാവില്ല. ജർമനിയിൽ നാസികളുടെ പീഡനത്തിന് ഇരയായ മാർട്ടിൻ നെയ്മോളെറുടെ കവിത ഓർമിക്കുക.

പൂത്തുലഞ്ഞ സർഗാത്മകതകൊണ്ടാണ് ഇന്ത്യയിലെ കലാകാരന്മാരും എഴുത്തുകാരും ബുദ്ധിജീവികളും വർഗീയഫാസിസത്തെ പ്രതിരോധിക്കുന്നത്. ആശയറ്റ കർഷകരുടെയും തൊഴിലാളികളുടെയും സ്വയംഹത്യയിലേക്ക് എത്തുന്ന വിദ്യാർത്ഥികളുടെയും ആത്മരോദനങ്ങൾ ഉൾച്ചേർന്ന ഗംഭീരങ്ങളായ കലാസൃഷ്ടികൾ പിറക്കുന്നു. അഭിനേതാക്കളും സംഗീതജ്ഞരും ചിത്രകാരന്മാരും തുടങ്ങി കലയുടെ എല്ലാ മേഖലയിൽ നിന്നുമുള്ളവർ വേട്ടയാടപ്പെടുന്ന സാധാരണമനുഷ്യരുടെ വേദനക്കൊപ്പം നിൽക്കുന്നു.

ഒരു ജനതയെ ഇല്ലായ്മ ചെയ്യാൻ പോർവിമാനങ്ങളും ബോംബുകളും വേണ്ട. സൈന്യം വേണ്ട. അവരുടെ നാവിൽനിന്ന്, ഹൃദയത്തിൽ നിന്ന് ഭാഷയെ മായ്ച്ചുകളഞ്ഞാൽ മാത്രം മതി. ഭാഷയെ ഇല്ലായ്മ ചെയ്യുകയെന്നാൽ, ജനതയിൽ നിന്ന് അവരുടെ സ്വപ്നത്തെ ചോർത്തിക്കളയുക എന്നാണർത്ഥം. എത്രയോ ഭാഷകളും എത്രയോ അക്ഷരമാലകളും ഇങ്ങനെ ഇല്ലായ്മ ചെയ്യപ്പെട്ടു. ഭാഷയുടെ ചരമക്കോളത്തിലേക്കാണ് മലയാളവും സഞ്ചരിക്കുന്നത്. മലയാളത്തിന് പ്രവേശനമില്ലാത്ത തടവറവിദ്യാലയങ്ങൾ കൂടിക്കൂടിവരുന്നു. മലയാളത്തിൽ മിണ്ടിയാൽ മൊട്ടയടിക്കുന്ന, ഏത്തമിടീക്കുന്ന, പിഴയീടാക്കുന്ന 'തല്ലിക്കൂടങ്ങൾ' പെരുകുന്നു. മലയാളമറിയാത്ത കുഞ്ഞുങ്ങളെ പെറ്റതിൽ അഭിമാനിക്കുന്ന തള്ളമാർ പെരുകുന്നു.

മനുഷ്യസ്നേഹത്തിന്റെ സർവകലാശാലകളാണ് പുസ്തകങ്ങൾ. ജാതിമതവ്യത്യാസമില്ലാതെ, ആൺപെൺ അതുല്യതയില്ലാതെ, വർണവർഗഭേദമില്ലാതെ എല്ലാവരും ഒരുമിച്ചിരിക്കുന്ന പൗരമണ്ഡലം സൃഷ്ടിക്കുകയാണ് പുസ്തകോത്സവം പോലുള്ള ജനകീയവേദിയുടെ പ്രധാന പ്രസക്തി. കേരള സാഹിത്യ അക്കാദമി ഇതിലൂടെ മാനവികതയിൽ അധിഷ്ഠിതമായ ചരിത്രദൗത്യം നിറവേറ്റിയിരിക്കുന്നു. ■



# സമൂഹം വല്ലാതെ അരക്ഷിതം



ബെന്യാമിൻ
അക്കാദമിയംഗം

മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി വളരെ വിപുലവും സാഹിത്യസംവാദങ്ങളാൽ സമ്പന്നവുമായ ഒരു പുസ്തകോത്സവമാണ് ഈ വർഷം അക്കാദമി സംഘടിപ്പിച്ചിരിക്കുന്നത് എന്നത് ഏറെ സന്തോഷമുളവാക്കുന്ന കാര്യമാണ്. വായനക്കാർക്ക് ഇഷ്ടഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ഒരുക്കുന്നതിനൊപ്പം എഴുത്തുകാരുമായി സംവാദങ്ങളിൽ ഏർപ്പെടുന്നതിനും അത് അവസരം ഒരുക്കുന്നു. അതുതന്നെയാണ് ഈ പുസ്തകോത്സവത്തിന്റെ സാമൂഹികപ്രാധാന്യവും. സമൂഹം വല്ലാതെ അരക്ഷിതമായിക്കൊണ്ടിരിക്കുന്ന, ഏകാധിപത്യപ്രവണതകളിലേക്കും ഫാസിസത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന, ജനാധിപത്യവും ആവിഷ്കാരസ്വാതന്ത്ര്യവും അപകടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ജാഗ്രതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാനുള്ള ആശയങ്ങൾ പങ്കുവെക്കുന്നതിലൂടെ ഈ പുസ്തകോത്സവം അർത്ഥവത്തായ ഒരു സമരമുഖമായി മാറുന്നു.

നമ്മൾ അനുദിനം ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും പേരിൽ ഭിന്നിക്കുകയും അകന്നുമാറുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ കൂടുതൽ കൂടുതൽ പൊതു ഇടങ്ങൾ സൃഷ്ടിക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. പുസ്തകോത്സവം അങ്ങനെ ഒരു ദൗത്യം കൂടി നിർവഹിക്കുന്നുണ്ട്.

മുൻകാലങ്ങളെ അപേക്ഷിച്ച് വായന വർധിക്കുകയും പുസ്തകവിൽപന റെക്കോഡുകൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഒരു കാലം കൂടിയാണത്. വായന അസ്തമിച്ചു എന്ന വിലാപങ്ങൾക്ക് ഇനി പ്രസക്തിയില്ല. പുതുതലമുറ ധാരാളമായി വായനയിലേക്ക് കടന്നുവരുന്നു. മലയാളത്തിലെ രചനകൾ ഭാഷയുടെ അതിർത്തികൾ പിന്നിടുന്നു. അതിലൊക്കെ മലയാളി എന്ന നിലയിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ, ഈ വായനക്കൊപ്പം സമൂഹത്തിൽ നന്മയുടെയും പ്രതിബദ്ധതയുടെയും സഹവർത്തിത്വത്തിന്റെയും അളവ് വർധിക്കുന്നുണ്ടോ എന്നന്വേഷിക്കുമ്പോൾ ഇല്ല എന്ന നിരാശപ്പെടുത്തുന്ന ഉത്തരമാണ് നമുക്ക് ലഭിക്കുന്നത്.

പുസ്തകങ്ങൾ വായിക്കുക മാത്രമല്ല, അത് മുന്നോട്ടുവെക്കുന്ന ആശയങ്ങൾ സമൂഹത്തിൽ കൂടുതലായി വ്യാപരിക്കുകയും അതിലൂടെ സമൂഹം കൂടുതൽ സാംസ്കാരികമായി ഉയരുകയും ചെയ്യുമ്പോഴാണ് നമ്മുടെ വായനക്ക് അർത്ഥമുണ്ടാവുന്നത്. അങ്ങനെയുള്ള ഒരു വായനാലോകത്തെ സൃഷ്ടിക്കുവാൻ ഈ പുസ്തകോത്സവത്തിനും അനുബന്ധമായി നടക്കുന്ന സാംസ്കാരികസംവാദങ്ങൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു. ■




# വായന സുഹൃത്തിനോട് സംസാരിക്കുന്നതുപോലെയാണ്



സന്തോഷ് ഏച്ചിക്കാനം
അക്കാദമിയംഗം

വായന സ്വന്തം സുഹൃത്തിനോട് സംസാരിക്കുന്നത് പോലെയോ സ്വതന്ത്രമായി ചിന്തിക്കുന്നത് പോലെയോ ആണെന്ന് റോബെർട്ടോ ബലാനോവ് പറയുന്നുണ്ട്. എഴുത്ത് പോലെത്തന്നെ സാമൂഹ്യമായ പ്രതിബദ്ധതയുടെ ഒരു തലം വായനയിലുമുണ്ട്. എഴുത്തുകാരനെ എഴുത്തുകാരനാക്കുന്നത് വായനക്കാരാണ്. അതുകൊണ്ടാണ് എന്റെ ഗ്രന്ഥലോകം എന്ന കഥയിൽ അനാഥനായി മരിച്ചുപോയ തന്റെ ഏറ്റവും നല്ല വായനക്കാരന്റെ അജ്ഞാതമൃതദേഹം ഏറ്റുവാങ്ങാൻ മഞ്ഞുപെയ്യുന്ന രാത്രിയിൽ കുതിരവണ്ടിയോടിച്ച് ദസ്തയേവ്സ്കി നേരിട്ടുവരുന്നതായി ഞാൻ എഴുതിയത്.

ഒരു രാഷ്ട്രത്തെ സൃഷ്ടിക്കാൻ ഒരു പുസ്തകത്തിന് സാധിക്കുമെന്ന് ഗാന്ധിജിയിലൂടെ നമ്മൾ മനസ്സിലാക്കി. സൗത്ത് ആഫ്രിക്കയിൽവെച്ച് ഒരു യാത്രക്കിടയിൽ ലഭിച്ച Unto the Last എന്ന റസ്കിന്റെ പുസ്തകമാണ് പിന്നീട് സത്യഗ്രഹം എന്ന പുതിയൊരു സമരമാർഗത്തിലേക്ക് ഗാന്ധിജിയെ കൊണ്ടെത്തിക്കുന്നത്.

ഇന്ന് വായന മരിച്ചുകൊണ്ടിരിക്കുന്നു എന്നൊരു പരാതി പല ഭാഗത്തുനിന്നും പൊങ്ങിവന്നുകൊണ്ടിരിക്കുന്നുണ്ട്. ലൈബ്രറികളിൽ വായനക്കാർ എത്തുന്നില്ല എന്നതുകൊണ്ട് വായന മരിച്ചുവെന്ന് പറയാൻ സാധിക്കില്ല. കാരണം, വായനയുടെ ഏകതാനമായ ഒരു സ്വഭാവം നഷ്ടപ്പെടുകയും അത് പല കൈവഴികളിലേക്ക് വഴിമാറി ഒഴുകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സോഷ്യൽ മീഡിയകൾ സജീവമായതോടെ, പുസ്തകപ്രസാധകസംഘങ്ങൾ സാർവത്രികമായതോടെ, ഇനി ആളുകൾക്ക് ലൈബ്രറിയെത്തന്നെ സമീപിക്കേണ്ട ആവശ്യം വരുന്നില്ല.

നമ്മുടെ സമൂഹം ഓരോ ദിവസവും അസ്വസ്ഥമായിക്കൊണ്ടിരിക്കുകയാണ്. അസ്വസ്ഥതയിൽനിന്നും ഏകാന്തതയിൽനിന്നും തീരാദുഃഖത്തിൽനിന്നും രക്ഷപ്പെടാൻ മനുഷ്യൻ പ്രതിരോധത്തിന്റെ ആയുധങ്ങൾ അന്വേഷിക്കുന്നത് പുസ്തകങ്ങളിൽ നിന്നാണ്. അതുകൊണ്ടുതന്നെ This is not the end of the book എന്ന പുസ്തകത്തിൽ ഉംബെർട്ടോ എക്കോ പറയുന്നതുപോലെ പുസ്തകങ്ങൾ മരിക്കില്ല, വായനയും. ■




# വലിയ പ്രകാശങ്ങൾ ഇല്ലാതാവുന്നു

## സുഭാഷ്ചന്ദ്രൻ

നന്മയുടെയും നീതിയുടെയും അന്തസ്സിന്റെയും പ്രതീകങ്ങളായി എടുത്തുകാണിക്കാൻ മഹദ്വ്യക്തിത്വങ്ങൾ ഇല്ലാതെ പോകുന്ന അപകടം പിടിച്ച കാലമാണിതെന്ന് എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ പറഞ്ഞു. വലിയ പ്രകാശങ്ങൾ ഇല്ലാതായതിനാൽ അധോലോകങ്ങളിൽ മാത്രം ഒതുങ്ങിക്കൂടേണ്ടത് സമൂഹത്തിന്റെ ആരാധനാപാത്രമായിത്തീരുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ദേശീയ പുസ്തകോത്സവവേദിയിൽ നടന്ന മാധ്യമങ്ങളും സമ്മതിയുടെ നിർമ്മിതിയും എന്ന സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാധ്യമങ്ങൾ മാത്രമല്ല, ഒട്ടേറെ സാമൂഹിക ഏജൻസികളും സമ്മതി നിർമ്മിക്കുന്നുണ്ടെന്ന് മുഖ്യപ്രഭാഷണം നടത്തിയ എൻ.പി.ചന്ദ്രശേഖരൻ അഭിപ്രായപ്പെട്ടു. മാധ്യമങ്ങളുടെ സമ്മതി നിർമ്മിതിക്ക് മുന്നിൽ മാധ്യമസാക്ഷരത ജനങ്ങളുടെ അവകാശം എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് വേണം നാം മുന്നോട്ട് പോകാൻ.

ലിസി, എൻ.സുസ്മിത, എൻ.ശ്രീകുമാർ, രവീന്ദ്രൻ തൃക്കരിപ്പൂർ, രാജൻ എലവത്തൂർ എന്നിവരും സംസാരിച്ചു.

തുടർന്ന്, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ഗസൽ' സംഗീതാനുഭവം, പണ്ഡിറ്റ് ഡോ.നാഗരാജറാവു ഹവൽദാറിന്റെ ഹിന്ദുസ്ഥാനി സംഗീതക്കച്ചേരി എന്നിവയും അരങ്ങേറി.

ദേശീയ പുസ്തകോത്സവവേദിയിൽ ഡോ. പി.കെ.ചന്ദ്രൻ മൊഴിമാറ്റം നടത്തിയ ശരൺകുമാർ ലിംബാളെയുടെ അവർണൻ എന്ന നോവൽ ഡോ.കെ.പി.മോഹനൻ ഡോ.എൻ.ആർ.ഗ്രാമപ്രകാശിന് നൽകി പ്രകാശനം ചെയ്തു. അഡ്വ.വി.എൻ.ഹരിദാസ് എഴുതിയ കേരളത്തിലെ പരിസ്ഥിതി മുന്നേറ്റങ്ങൾ എന്ന പുസ്തകം ഡോ.എം.പി.പരമേശ്വരൻ അനീഷ് പി.രാജന് നൽകി പ്രകാശനം ചെയ്തു.

■




# കേരളത്തിൽ സ്ത്രീ-ദലിത് നാടകവേദിയില്ല

## എം.എൻ.കാരശ്ശേരി

അഹിംസയെ ഗാന്ധി ഏറ്റവും വലിയ സർഗാത്മകസമരരൂപമാക്കിയെന്ന് എം.എൻ.കാരശ്ശേരി. ആത്മാർത്ഥതയും സത്യസന്ധതയും ജനങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്ന മാനവികബോധവും ഉൾച്ചേർന്നതാണ് ഗാന്ധിജിയുടെ സമരരൂപങ്ങളെന്നും അദ്ദേഹം പറഞ്ഞു. ദേശീയ പുസ്തകോത്സവവേദിയിൽ നടത്തിയ സമരമുഖങ്ങളിലെ സർഗാത്മകത എന്ന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വെറുപ്പ് ഉൽപാദിപ്പിക്കുന്നതാകരുത് സമരങ്ങളെന്ന് ഗാന്ധി നിഷ്കർഷിച്ചു. അദ്ദേഹം ഉപ്പ് കുറുക്കുമ്പോഴും സത്യഗ്രഹമനുഷ്ഠിക്കുമ്പോഴും ലക്ഷക്കണക്കിന് ജനങ്ങൾ അദ്ദേഹത്തോടൊപ്പം മനസ്സ് ചേർത്തുവെച്ചു. പതിനായിരക്കണക്കിന് വീടുകളിലാണ് ജനങ്ങൾ ഗാന്ധിക്കൊപ്പം നിരാഹാരമനുഷ്ഠിച്ചത്. എകെജിയുടെ പട്ടിണിജാഥയോടും പതിനായിരങ്ങൾ ഇതേ വൈകാരികതയോടെ പിന്തുണയറിയിച്ചു. സ്നേഹപൂർണവും മനുഷ്യവേദനയകറ്റാനുള്ള ആർജ്ജവവുമുള്ള സമരരൂപങ്ങളെല്ലാംതന്നെ സർഗാത്മകമായിരിക്കുമെന്നും കാരശ്ശേരി പറഞ്ഞു.

നമുക്കൊരു സ്ത്രീനാടകവേദിയില്ല. അതുപോലെ ദലിത്-പരിസ്ഥിതി നാടകവേദികളും നമുക്കില്ല. അത്തരം പ്രശ്നങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്ന പ്രസ്ഥാനങ്ങൾ ഇവിടെയില്ല എന്നതാണ് അതിന് കാരണം. മതങ്ങൾ വിമർശനാതീതമാണ് എന്ന തെറ്റായ സന്ദേശമാണ് രാജ്യമെങ്ങും മുഴങ്ങുന്നത്. ഭയം നാട് ഭരിക്കുന്ന ഭരണവ്യവസ്ഥയാണിവിടെ. എല്ലാ വിമർശനങ്ങളും മതവിമർശനത്തിൽ നിന്നാരംഭിക്കണമെന്ന യാഥാർത്ഥ്യം ഉയർത്തിപ്പിടിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയാണ് കേരളം കണ്ട ഏറ്റവും വലിയ സർഗാത്മകസമരമെന്ന് അധ്യക്ഷപ്രസംഗത്തിൽ അശോകൻ ചരുവിൽ പറഞ്ഞു. കേരളീയസമൂഹത്തെ മുന്നോട്ട് നയിക്കുന്നതിൽ ഇത്രയും ലളിതവും സമഗ്രവും ധീരവുമായ സമരരൂപം വേറൊന്നില്ല. വെറുമൊരു പാറക്കഷണം മുങ്ങിയെടുത്താണ് നൂറ്റാണ്ടുകളായി നിലവിലുണ്ടായിരുന്ന സവർണ മേധാവിത്വത്തെ ഗുരു തള്ളിക്കളഞ്ഞത്. കേരളം ഇന്നത്തെ കേരളമായത് ജനങ്ങളുടെ സർഗാത്മകസമരങ്ങളിലൂടെയാണെന്നും അദ്ദേഹം പറഞ്ഞു.

അക്കാദമിയംഗം മങ്ങാട് ബാലചന്ദ്രനും രവി കേച്ചേരിയും സംസാരിച്ചു.

തുടർന്ന്, സി.എസ്.പ്രേംകുമാർ സംവിധാനം ചെയ്ത് രംഗചേതന തൃശൂർ അവതരിപ്പിച്ച എൻ.എൻ.പിള്ളയുടെ ഞാൻ സ്വർഗത്തിൽ അഥവാ ഒരു ഭയങ്കരനാടകം അരങ്ങേറി. ■












# കവർ രൂപകൽപന, പുസ്തകനിർമിതി, മികച്ച സ്റ്റാൾ അവാർഡുകൾ പ്രഖ്യാപിച്ചു

ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി കവർ രൂപകൽപന, പുസ്തകനിർമിതി, മികച്ച സ്റ്റാൾ അവാർഡുകൾ പ്രഖ്യാപിച്ചു.

കവർ രൂപകൽപന ഒന്നാംസമ്മാനം രാജേഷ് ചാലോടിനും, രണ്ടാംസമ്മാനം കെ.മിഥുൻദാസിനും ലഭിച്ചു. തൃശൂർ ഗ്രീൻ ബുക്സ് പ്രസിദ്ധീകരിച്ച ടെനി വർഗീസിന്റെ താഴ്‌വാരം എന്ന പുസ്തകത്തിന്റെ കവറിനാണ് രാജേഷ് ചാലോടിന് ഒന്നാംസമ്മാനം. കോഴിക്കോട് പൂർണ്ണ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ലിസിയുടെ ബോറിബന്തറിലെ പശു എന്ന പുസ്തകത്തിന്റെ കവറിനാണ് മിഥുൻദാസിന് രണ്ടാംസമ്മാനം.

പുസ്തകനിർമിതി ഒന്നാംസമ്മാനം 3000 ബി.സി. സ്ക്രിപ്റ്റ് മ്യൂസിയത്തിനും രണ്ടാംസമ്മാനം തൃശൂർ എച്ച് ആന്റ് സി പബ്ലിഷിങ് ഹൗസിനുമാണ്. സുഷിത്ത് ശിവദേവിന്റെ താമരപ്പൂ നീ ദൂരെ കണ്ടു മോഹിച്ചു എന്ന പുസ്തകത്തിന്റെ നിർമിതിക്കാണ് ഒന്നാംസമ്മാനം. പി.സുരേന്ദ്രന്റെ കല്ലുകൾ മഹാക്ഷേത്രങ്ങൾ എന്ന പുസ്തകത്തിന്റെ നിർമിതിക്കാണ് രണ്ടാംസമ്മാനം.

മികച്ച സ്റ്റാളിന് ഒന്നാംസമ്മാനം കോഴിക്കോട് ഐ ബുക്സിനും രണ്ടാംസമ്മാനം കോട്ടയം നാഷണൽ ബുക് സ്റ്റാളിനും ലഭിച്ചു.

കവർ രൂപകൽപന, പുസ്തകനിർമിതി എന്നിവയിൽ ഒന്നാംസമ്മാനം 3,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവും, രണ്ടാംസമ്മാനം 2,000 രൂപയുടെ ക്യാഷ് അവാർഡും ഫലകവും സാക്ഷ്യപത്രവുമാണ് നൽകുക. മികച്ച സ്റ്റാളിനുള്ള ഒന്നും രണ്ടും സമ്മാനങ്ങൾക്ക് ഫലകവും സാക്ഷ്യപത്രവുമാണ്.

വിജയകുമാർമേനോൻ, പൊന്ന്യം ചന്ദ്രൻ, കെ.ജി.ബാബു എന്നിവരടങ്ങിയ ജഡ്ജിങ് കമ്മിറ്റിയാണ് അവാർഡുകൾ നിശ്ചയിച്ചത്. ഏപ്രിൽ 10 തിങ്കളാഴ്ച വൈകുന്നേരം 04:30-ന് ദേശീയ പുസ്തകോത്സവത്തിന്റെ സമാപനസമ്മേളനത്തിൽവെച്ച് അക്കാദമി പ്രസിഡന്റ് വൈശാഖൻ സമ്മാനങ്ങൾ നൽകും. ■

# പുസ്തകോത്സവദിനസരി

## ഏപ്രിൽ 10 തിങ്കൾ

| | | | |
|---|---|---|---|
| 10:30 | **പുസ്തകപ്രകാശനം** | : | വിനായക പബ്ലിക്കേഷൻസ്<br>പറവകൾ കഥ പറയുന്നു (കഥകൾ) സുരേഷ് വെങ്ങോല |
| 11:30 | **അക്ഷരശ്ലോകസദസ്സ്** | : | അവതരണം :<br>അഖില കേരള അക്ഷരശ്ലോകപരിഷത്ത്, തൃശൂർ |
| 03:00 | **പുസ്തകപ്രകാശനം** | : | നുറുങ്ങ് ബുക്സ്<br>കടൽച്ചിറകുള്ള പ്രണയത്തുമ്പികൾ,<br>തീമരത്തണലിൽ (കവിതകൾ) : പവിത്രൻ തീക്കുനി |
| | പ്രകാശനം | : | ഡോ.കെ.പി.മോഹനൻ |
| | സ്വീകാര്യം | : | ഡോ.എൻ.ആർ.ഗ്രാമപ്രകാശ് |
| 04:30 | **സമാപനസമ്മേളനം** | | |
| | അധ്യക്ഷത | : | ഡോ.ഖദീജ മുംതസ് |
| | ഉദ്ഘാടനം, സമ്മാനസമർപ്പണം | : | വൈശാഖൻ |
| | അവലോകനം | : | ഡോ.കെ.പി.മോഹനൻ |
| | വിശിഷ്ടാതിഥി | : | ഷീല വിജയകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് |
| | മുഖ്യപ്രഭാഷണം | : | വർഗീസ് കണ്ടംകുളത്തി, ഡെപ്യൂട്ടി മേയർ |
| | പ്രഭാഷണം | : | ജയരാജ് വാര്യർ,<br>പൊന്ന്യം ചന്ദ്രൻ, സെക്രട്ടറി, കേരള ലളിതകലാ അക്കാദമി |

## മത്സരവിജയികൾ

### സാഹിത്യക്വിസ്

ആദർശ് ആർ. & അജ്മൽ എം.എസ്. (എസ്എൻ കോളജ്, കൊല്ലം) എന്നിവർ ഒന്നാംസ്ഥാനവും ഹിലാൽ ബഷീർ എ.പി. & ഷിബിൻ മോഹൻ പി. (ഗവ.കോളജ്, മടപ്പള്ളി) എന്നിവർ രണ്ടാംസ്ഥാനവും മൃദുൽ എം.മഹേഷ് & ഫാത്തിമത്ത് റസ്‌ല സി. (ഫറൂഖ് കോളജ്, കോഴിക്കോട്) എന്നിവർ മൂന്നാംസ്ഥാനവും നേടി.

### പ്രസംഗമത്സരം

സ്കൂൾതലത്തിൽ സിദ്ധാർത്ഥ് കിഷോർ എം.എ. (വിവേകോദയം ബിഎച്ച്എസ്എസ്, തൃശൂർ) ഒന്നാംസ്ഥാനവും കാവ്യ മുരളി (ഗവ.ബോയ്സ് എച്ച്എസ്എസ്, വടക്കാഞ്ചേരി) രണ്ടാംസ്ഥാനവും മിഥുന പി.ബി. (എസ്എൻഎച്ച്എസ്എസ്, ഇരിങ്ങാലക്കുട) മൂന്നാംസ്ഥാനവും നേടി.

കോളേജ് തലത്തിൽ അശ്വനി എ.പി. (ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി) ഒന്നാംസ്ഥാനവും സ്വാതി സുരേഷ് ഇ. (എസ്എൻ കോളേജ്, നാട്ടിക) രണ്ടാംസ്ഥാനവും ഹാമിദ് ടി.പി. (അൽ ജാമിഅ അൽ ഇസ്ലാമിയ, പട്ടിക്കാട്, മലപ്പുറം) മൂന്നാംസ്ഥാനവും നേടി.



# ഗസലിന്റെ വിരഹാർദ്രഭാവങ്ങൾ

തൃശൂർ പെരിങ്ങാവിൽ പനക്കപ്പറമ്പിൽ വീട്ടിൽ ഡോ.പി.യു.അശോകന്റെയും ഡോ.സുനീതിയുടെയും മകളായി 1978-ൽ ജനനം. കർണാടകസംഗീതവിദുഷിയും സംഗീതാധ്യാപികയുമായ അമ്മൂമ്മയാണ് സംഗീത ലോകത്തേക്ക് കൈപിടിച്ചുയർത്തിയത്. പ്രശസ്ത സംഗീതജ്ഞനായ മങ്ങാട് കെ.നടേശനും ചേപ്പാട് വാമനൻ നമ്പൂതിരിയുമാണ് കർണാടകസംഗീതത്തിലെ ഗുരുക്കൾ. പിന്നീട് പൂനയിലെ ഡോ.അൽക ദിയോമരുൽക്കറിൽനിന്ന് ഹിന്ദുസ്ഥാനി സംഗീതത്തിന്റെ ബാലപാഠങ്ങൾ ഹൃദിസ്ഥമാക്കി. ബാംഗ്ലൂരിൽ പണ്ഡിറ്റ് വിനായക തോർവിയിൽനിന്ന് ഹിന്ദുസ്ഥാനിയിൽ ഉപരിപഠനം നടത്തി. എസ്.ജാനകി, എസ്.പി.ബാലസുബ്രഹ്മണ്യം, യേശുദാസ്, പി.ജയചന്ദ്രൻ, ശങ്കർ മഹാദേവൻ തുടങ്ങിയ പ്രഗത്ഭർക്കൊപ്പം വേദികൾ പങ്കിട്ടു.

അരയന്നങ്ങളുടെ വീട് എന്ന ചിത്രത്തിലെ ദീനദയാലോ രാമാ എന്ന ഗാനത്തിലൂടെ ശ്രദ്ധേയയായി. രവീന്ദ്രൻ, ഇളയരാജ, രമേഷ് നാരായണൻ, വിദ്യാസാഗർ, ഔസേപ്പച്ചൻ, ബിജിബാൽ, ദീപക് ദേവ് തുടങ്ങിയവരുടെ സംഗീതത്തിൽ പാടി. സസ്നേഹം സുമിത്ര എന്ന ചിത്രത്തിനുവേണ്ടി ഔസേപ്പച്ചൻ ഈണം നൽകിയ എന്തേ നീ കണ്ണാ എന്ന ഗാനത്തിന് 2003-ലെ മികച്ച ചലച്ചിത്ര പിന്നണി ഗായികക്കുള്ള കേരള സർക്കാരിന്റെ പുരസ്കാരം ലഭിച്ചു. പ്രാഞ്ചിയേട്ടൻ & ദി സെയ്ന്റ്, മുല്ലവള്ളിയും തേന്മാവും, മകൾക്ക്, അറബിക്കഥ, ഡ്രീംസ്, നരൻ, കല്യാണരാമൻ, ഫോട്ടോഗ്രാഫർ, സൂത്രധാരൻ, ദൈവനാമത്തിൽ തുടങ്ങിയ ചിത്രത്തിലെ ഗാനങ്ങളിലൂടെ മലയാളികളുടെ മനം കവർന്നു.

ഗസലിലും ഭജനയിലും സംഗീതത്തിന്റെ ആത്മാവിനെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് ഗായത്രി. മെലോഡിയസ് കോംപോസിഷൻ ഗാനങ്ങളാണ് ഗായത്രിക്ക് കൂടുതൽ ഇഷ്ടം. ഉംബായിയുടെയും ഷഹബാസ് അമന്റെയും കൂടെ ആൽബങ്ങളിൽ പാടിയിട്ടുണ്ട്. സ്വന്തമായി ഗാനങ്ങൾ കംപോസ് ചെയ്യാറുണ്ട്. ശാസ്ത്രീയസംഗീതരംഗത്തും ജുഗൽബന്ദികളിലൂടെയും കച്ചേരികളിലൂടെയും ഗായത്രി നിറഞ്ഞുനിൽക്കുന്നു.

ദേശീയ പുസ്തകോത്സവവേദിയിൽ 2017 ഏപ്രിൽ 9 ഞായർ വൈകീട്ട് ഏഴ് മണിക്ക് ഗായത്രിയുടെ ഗസൽ ആലാപനത്തിന് പക്കമേളമൊരുക്കുന്നവർ:

ഹാർമോണിയം : ബേണി (സംഗീതസംവിധായകൻ)

തബല : പി.കെ.സുനിൽകുമാർ (സംഗീതസംവിധായകൻ)

പുല്ലാങ്കുഴൽ : റിസൺ

ഗിത്താർ : അഭിജിത്ത്

കേരള സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെയാണ് ഈ ഗസൽരാവ്.



ക്വിസ് മാസ്റ്റർ കെ.പി.സുനിൽ നയിച്ച സാഹിത്യക്വിസ്.




എൻ.എൻ.പിള്ള എഴുതി സി.എസ്.പ്രേംകുമാർ സംവിധാനംചെയ്ത്
രംഗചേതന തൃശൂർ അവതരിപ്പിച്ച ഞാൻ സ്വർഗത്തിൽ അഥവാ ഒരു ഭയങ്കരനാടകം എന്ന നാടകം.

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at Carmel Printers, Thrissur | Photo : Monalisa | Design : Roy Akkara